# ഈശ്വരൻ ഉറങ്ങിയാൽ

ഫാ. ആന്റണി ഞള്ളമ്പുഴ CMI

## ഏലിയ സ്ലീവാ മൂശക്കാലം ഒമ്പതാംഞായർ (മൂശ മൂന്നാം ഞായർ) മത്താ. 8:23-34

**I പ്രഹരകഥ ഒരു പ്രണയകഥ** ''ശപിക്കപ്പെട്ട ആ വസ്തുക്കളൊന്നും എടുക്കരുത്. അപ്പോൾ കർത്താവ് തന്റെ ഉഗ്രകോപത്തിൽ നിന്നു പിന്തിരിഞ്ഞു നിങ്ങളോടു കരുണ കാണിക്കും...'' (നിയമ.13:17) വഴിതെറ്റിക്കുന്ന തിന്മകളിൽനിന്ന് ആരോഗ്യകരമായ അകലം പാലിക്കുക. തിന്മകളെ ചാരമാക്കുക. എടുക്കാൻ പാടില്ലാത്തവ എടുത്ത് അകത്താക്കരുത്. തിന്മയുടെ ഉന്മൂലനംവഴി വേണം നന്മയുടെ നാമ്പുകൾ വളർത്തിയെടുക്കാൻ. എടുക്കേണ്ടതും എടുക്കരുതാത്തവയുമായി പലതും ലോകത്തിലുണ്ട്. നന്മയും തിന്മയും ഇടകലർന്ന ലോകത്തിൽ നന്മയെ പുണരണം; തിന്മയെ തഴയണം. കൊള്ളേണ്ടതു കൊള്ളുക. തള്ളേണ്ടതു തള്ളുക. അപ്പോൾ ദൈവത്തിന്റെ കരുണയും അനുകമ്പയും ജീവിതത്തിൽ കടന്നുവരും. വഴിതെറ്റിക്കുന്ന ലോകത്തിലെ വഴികാട്ടികളായ കല്പനകൾ പാലിക്കുവാൻ തിരുവചനം ഓർമ്മപ്പെടുത്തുന്നു.''ദൈവമായ കർത്താവിന്റെ വാക്കു കേൾക്കുകയും ഞാനിന്നു നൽകുന്ന അവിടുത്തെ എല്ലാ കല്പനകളും ശ്രദ്ധാപൂർവ്വം പാലിക്കുകയും നിങ്ങളുടെ ദൈവമായ കർത്താവിന്റെ മുമ്പിൽ നന്മ മാത്രം പ്രവർത്തിക്കുകയും ചെയ്യണം'' (നിയമാ. 13:18).എപ്പോഴും ദൈവശിക്ഷകൾ ദൈവാനുഗ്രഹത്തിനുവേണ്ടിയാണ്. ഉദാഹരണത്തിന്, തിന്മയെ കഴുകിമാറ്റിയ നന്മയുടെ പ്രളയകഥയാണ് നോഹിന്റെ പെട്ടകകഥ. ആകാശജാലകങ്ങൾ തുറന്ന് മഴ വർഷിക്കുന്ന കാരുണ്യക്കടലായ ദൈവം നാല്പതു ദിനരാത്രങ്ങൾ മഴ വർഷിക്കുന്നു. 150 ദിവസം നീണ്ടുനിന്ന വെള്ളപ്പൊക്കം. ദൈവത്തിന്റെ കൃപയുടെ കോരിച്ചൊരിയലാണിത്. പാപം പെരുകിയപ്പോൾ ദൈവത്തിന്റെ കൃപയുടെ പ്രവാഹം പ്രളയമായി പരിണമിച്ചു. അങ്ങനെ ബൈബിളിലെ ഈ പ്രളയകഥ ദൈവത്തിന്റെ പ്രണയകഥയായി മാറി. ദൈവത്തിന്റെ അനന്തമായ നന്മകളുടെ അനുഗ്രഹങ്ങളുടെയും ജാലകങ്ങൾ തുറക്കുന്ന കാഴ്ച. തിന്മയുടെ നടുവിലും നന്മയുടെ മാർഗ്ഗത്തിൽ നടന്ന നോഹയെ വേദഗ്രന്ഥം ഇങ്ങനെ വിശേഷിപ്പിക്കുന്നു: ''നോഹ ദൈവത്തിന്റെ മാർഗ്ഗത്തിൽ നടന്നു'' (ഉത്പത്തി 6:9).''ഇതാണു വഴി, ഇതിലേ പോകുക'' (ഏശ 30:20).

**II ''ഭയപ്പെടേണ്ട''**''ഭയപ്പെടേണ്ട, ഞാൻ നിന്റെ കൂടെയുണ്ട്. സംഭ്രമിക്കേണ്ട, ഞാനാണു നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും'' (ഏശയ്യ 41:10).

രണ്ടാം വായനയിൽ മൂന്നുവട്ടം ആവർത്തിക്കുന്ന ഒരു പദം 'ഭയപ്പെടേണ്ട' എന്നതാണ്. വി. ഗ്രന്ഥത്തിൽ ആകമാനം 365 വട്ടം ആവർത്തിക്കുന്ന ഒരു പദമായി ഇതിനെ മനസ്സിലാക്കുന്നു. ഒരു വർഷം 365 ദിവസമാണല്ലോ ഉള്ളത്. ഓരോ ദിവസവും ദൈവം നമ്മോടു പറയുന്നു: ''മക്കളേ, ഭയപ്പെടേണ്ട.'' സാഗരങ്ങളേ ശാന്തമാക്കിയവനെ ധ്യാനിക്കാനും പ്രകൃതിശക്തികളുടെമേൽപോലും അധികാരമുള്ളവനുമായ ദൈവത്തിന്റെ കരങ്ങളിൽ അഭയം തേടാനും രണ്ടാം വായന ശക്തി തരുന്നു. ''നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്റെ വലതുകൈ പിടിച്ചിരിക്കുന്നു. ഞാനാണു പറയുന്നത്, ഭയപ്പെടേണ്ട. ഞാൻ നിന്നെ സഹായിക്കും'' (ഏശ 41:13) ''കൃമിയായ യാക്കോബേ, ഇസ്രായേല്യരേ, ഭയപ്പെടേണ്ട. ഞാൻ നിന്നെ സഹായിക്കും (ഏശ 41:14)

**III വീണ്ടെടുപ്പിന്റെ സുവിശേഷം** പ്രളയത്തിരകളിൽപ്പെട്ട, കാറ്റിലും കോളിലുംപെട്ട ശിഷ്യരെ രക്ഷിക്കുകയും ശാന്തരാക്കുകയും ചെയ്യുന്ന സുവിശേഷവായനയ്ക്കു മുമ്പുള്ള ഈ ലേഖനവായനയിലുള്ളത് പ്രളയത്തിരകളിൽനിന്നുമുള്ള വ്യക്തികളുടെയും സമൂഹത്തിന്റെയും വീണ്ടെടുപ്പിനുള്ള വഴികളാണ്. അവ ഇവയാണ്:

1.സൗമ്യതയോടെ വ്യക്തികളെ വീണ്ടെടുക്കുക.

2.പരസ്പരം ഭാരംവഹിച്ച് (സഹായിച്ച്)വ്യക്തികളെയും നമ്മെത്തന്നെയും വീണ്ടെടുക്കുക.

3. ആത്മവഞ്ചകരാകാതെ ആത്മശോധന നടത്തി ആത്മാവിനെ വീണ്ടെടുക്കുക. ഉദാ: ''ഒരുവൻ താൻ ഒന്നുമല്ലാതിരിക്കേ എന്തോ ആണെന്നു ഭാവിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ വഞ്ചിക്കുന്നു''-ഗലാ6:3.''അറിവുണ്ടെന്നു ഭാവിക്കുന്നവൻ അറിയേണ്ടത് അറിയുന്നില്ല. 1 കൊറി 8:2.

4. സ്വന്തം ചെയ്തികൾ വിലയിരുത്തി ജീവിതം വീണ്ടെടുക്കുക.

5.സ്വന്തം ഭാരം സ്വയംവഹിച്ച് (ഗലാ 6:5) ജീവിതം വീണ്ടെടുക്കുക.

6.തിരുവചനം പഠിച്ച് ജീവിതം വീണ്ടെടുക്കുക. (ഗലാ. 6:6)

7.നന്മ വിതച്ച് ജീവിതം വീണ്ടെടുക്കുക (ഗലാ 6:8) മടുപ്പു തോന്നാതെ ചെയ്യേണ്ട ഒന്നാണ് നന്മ എന്ന് ഗലാത്തിയാ ലേഖനം ഓർമ്മപ്പെടുത്തുന്നു.

**IV ഈശ്വരൻ ഉറങ്ങിയാൽ**! ''നിങ്ങൾ എന്തിനു ഭയപ്പെടുന്നു? അവൻ വഞ്ചിയിൽ കയറി. അപ്പോൾ കാറ്റുശമിച്ചു''-മർക്കോസ് 6:51.''അവൻ എഴുന്നേറ്റ് കാറ്റിനെയും കടലിനെയും ശാസിച്ചു. വലിയ ശാന്തതയുണ്ടായി''-മത്തായി 8:26.തലചായിക്കുവാൻ ഇടമില്ലാത്ത യേശു (മത്താ.8:20) വള്ളത്തിൽ തലചായിച്ച് ഉറങ്ങിയപ്പോൾ (മർക്കോസ് 4:38) വലിയ കൊടുങ്കാറ്റുണ്ടായ സംഭവം സുവിശേഷകർ വിവരിക്കുന്നു.''അവൻ ഉറങ്ങുകയായിരുന്നു. അപ്പോൾ തടാകത്തിൽ കൊടുങ്കാറ്റുണ്ടായി. വഞ്ചിയിൽ വെള്ളം കയറി, അവർ അപകടത്തിലായി'' (ലൂക്കാ 8:23)കർത്താവ് ഉറങ്ങുമ്പോൾ ജീവിതത്തിൽ സംഭവിക്കുന്ന കാര്യങ്ങളാണിവ. 'അക്കരയ്ക്കു യാത്രചെയ്യും സീയോൻസഞ്ചാരീ, ഓളങ്ങൾ കണ്ടു നീ ഭയപ്പെടേണ്ട എന്ന് സാഗരങ്ങളെ ശാന്തമാക്കിയൻ. ഉഗ്രമായ കൊടുങ്കാറ്റിനെ വലിയ

ശാന്തതയാക്കിയവന്റെ ചിത്രീകരണം. വിശ്വാസവിഷയത്തിൽ ഒരു നിമിഷം ശിഷ്യന്മാർ ഒന്നു കണ്ണടച്ചു. അവരിലെ ഈശ്വരവിശ്വാസം ഒരു നിമിഷം കണ്ണടച്ചുവെന്നു സാരം. അപ്പോൾ പ്രശ്നങ്ങളുടെ തിരമാലകൾ കണ്ണുതുറന്നു. ഈശ്വരൻ കണ്ണടച്ചു. പ്രശ്നങ്ങൾ കണ്ണുതുറന്നു. ഈശ്വരൻ കണ്ണുതുറന്നു. പ്രശ്നങ്ങൾ കണ്ണടച്ചു. പ്രശ്നങ്ങളുടെ തിരമാലകൾ കണ്ണുതുറന്നു വരുന്നത് ഉള്ളിലെ ഈശ്വരചിന്ത, വിശ്വാസം കണ്ണടച്ചു കിടക്കുമ്പോഴാണ്. ഉള്ളിലെ ഈശ്വരൻ ഒരിക്കലും കണ്ണടയ്ക്കാതിരിക്കട്ടെ. ഈ വചനഭാഗത്ത് യേശു ഉറങ്ങി എന്ന് എഴുതിയിരിക്കുന്നു. സത്യത്തിൽ ഉറങ്ങിയത് യേശുവല്ല; ശിഷ്യരുടെ ഉള്ളിലെ ഈശ്വരവിശ്വാസമാണ്. ഈശ്വരവിശ്വാസം ചത്തുകെട്ട് ഉറങ്ങിക്കിടക്കുന്ന കുടുംബങ്ങളിലും ഇടവകകളിലും സ്ഥലസമൂഹങ്ങളിലും ഇന്നും പ്രശ്നങ്ങളുടെ തിരമാലകൾ കണ്ണുതുറക്കുന്നു. പ്രതിവിധി ഒന്നുമാത്രം. യേശുവിനെ ജീവിതനൗകയിൽ കയറ്റി കാറ്റു ശമിപ്പിക്കുക. ''അവൻ വഞ്ചിയിൽ കയറി. അപ്പോൾ കാറ്റു ശമിച്ചു'' (മർക്കോ6:51)

**അല്പവിശ്വാസം** ''അല്പവിശ്വാസികളേ നിങ്ങളെന്തിനു ഭയപ്പെടണം?'' -മത്താ. 8:26. അല്പവിശ്വാസത്തിന്റെയും അധികവിശ്വാസത്തിന്റെയും കഥകൾ സുവിശേഷത്താളുകളിലുണ്ട്. കർത്താവ് അല്പവിശ്വാസികളെ ശാസിക്കുകയും വിശ്വാസികളെ പ്രശംസിക്കുകയും ചെയ്യുന്നു (മത്താ. 8:10). കാറ്റിലും കടലിലും പെട്ട് ഒരു രൂപവുമില്ലാതെ വലഞ്ഞ ശിഷ്യന്മാർ ആദ്യം ആശ്രയിച്ചത് അവരുടെ കരബലത്തിലാകാം. അവസാനമാകാം അവർ യേശുവിൽ അഭയം തേടിയത്. ജീവിതയാത്രയിൽ രൂപരേഖകളില്ലാത്ത അവസ്ഥയിൽ എന്തുചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്ന ഒരു കഥ അസ്സീസിയിലെ ഫ്രാൻസീസിന്റെ കഥയിലുണ്ട്.'നമ്മൾ എങ്ങോട്ടാണു പോകുന്നതെന്ന് എന്തെങ്കിലും രൂപമുണ്ടോ?' എന്ന ലിയോ സഹോദരന്റെ ചോദ്യത്തിന് ഫ്രാൻസീസ് നൽകിയ ഉത്തരം ഇതാണ്:''നമുക്കെന്തിനാണു രൂപം? കർത്താവിനു രൂപമുണ്ട്. അതു മതി. നിങ്ങൾ സൂര്യകാന്തിപ്പൂവ് കണ്ടിട്ടില്ലേ? അതിന്റെ നോട്ടം എപ്പോഴും സഹോദരൻ സൂര്യനിലാണ്. സൂര്യന്റെ യാത്രാപഥം നോക്കി അത് അതിന്റെ കണ്ണുതിരിക്കുന്നു. നമുക്കും അങ്ങനെ ചെയ്യാം. എപ്പോഴും ദൈവത്തിൽ കണ്ണുകൾ ഉറപ്പിച്ചുവച്ചു യാത്ര'' (സെന്റ് ഫ്രാൻസീസ് - നിക്കോസ് കസൻദ്സക്കിസ്) ആഫ്രിക്കൻ രാജ്യങ്ങളിൽ കാണപ്പെടുന്ന ഒരിനം മുളയുണ്ട്. ആദ്യവർഷങ്ങളിൽ അതിന്റെ വളർച്ച താഴേക്കാണ്. ആദ്യ ആറേഴുവർഷങ്ങൾ ആഴങ്ങളിലേക്കും അകലങ്ങളിലേക്കും അത് വേരുകൾ പായിക്കുന്നു. പിന്നീട് അത് മണ്ണിനു മുകളിലേക്ക് ആകാശം അതിരാക്കി കുതിച്ചുകുതിച്ചു വളരുന്നു. ഈ മുളങ്കാടുകളെ നിലംപതിപ്പിക്കാൻ ഏത് ഉഗ്രമായ കാറ്റിനും സാദ്ധ്യമല്ല. കാരണം അതിന്റെ അടിത്തറ ആഴത്തിലാണ്. പിഴുതെറിയുക അസാദ്ധ്യം. അല്പവിശ്വാസമല്ല, വേരോട്ടമുള്ള വിശ്വാസമാണ് കാറ്റിലും തിരയിലും ക്രിസ്തുശിഷ്യർക്കു തുണയാകുക. കടലിനെ ശാന്തമാക്കിയവൻ പിശാചുബാധിതരെ പ്രശാന്തരാക്കുന്ന കാഴ്ചയാണ് തുടർന്നുള്ള വചനഭാഗം. സമാന്തരസുവിശേഷങ്ങളിലെല്ലാം അതിന്റെ അവതരണം ഈ ക്രമത്തിലാണ്. പ്രപഞ്ചശക്തികളുടെമേലുള്ള തിന്മയുടെ ശക്തികളുടെമേലുമുള്ള പരമമായ അധികാരം ദൈവത്തിനാണെന്ന് ഈ സുവിശേഷചിത്രീകരണം നമുക്കു ബോദ്ധ്യം തരുന്നു.

**യേശുപരിധിക്കുപുറത്ത്!** ''പട്ടണം മുഴുവൻ യേശുവിനെ കാണാൻ പുറപ്പെട്ടുവന്നു. അവർ അവനെ കണ്ടപ്പോൾ തങ്ങളുടെ അതിർത്തി വിട്ടുപോകണമെന്ന് അപേക്ഷിച്ചു'' (മത്താ. 8:34). സമരിയാക്കാരിയും പട്ടണവാസികളോട് തന്റെ ഒരു വിശ്വാസാനുഭവം പങ്കുവയ്ക്കുന്നതു നാം വായിക്കുന്നുണ്ട്. അതിന്റെ പ്രതികരണവും അതിലുണ്ട്. അവർ യേശുവിനെപ്പറ്റി കേട്ട് യേശുവിന്റെ അടുത്തുചെന്ന് തങ്ങളോടൊത്ത് വസിക്കണമെന്ന് അപേക്ഷിക്കുകയും അവൻ രണ്ടുദിവസം അവിടെ താമസിക്കുകയും ചെയ്തു (യോഹ 3:40).യേശുവിനോടുള്ള രണ്ടു സമീപനങ്ങൾ. ഒരു കൂട്ടർ'മൊബൈൽഭാഷ'യിൽപറയുന്നു.

എന്റെ ജീവിതത്തിൽ, എന്റെ കുടുംബത്തിൽ

എന്റെ അനുദിനവ്യാപാരങ്ങളിൽ നിന്റെസ്ഥാനം

'പരിധിക്കുപുറത്ത്.'

ഒരു കൂട്ടർഎമ്മാവൂസ് യാത്രക്കാരെപ്പോലെ അവനെ ക്ഷണിച്ചുകൊണ്ടു പറയുന്നു: നാഥാ, സന്ധ്യയായി, ഇരുൾ പരക്കുന്നു. ഞങ്ങളോടൊത്തു വസിച്ചാലും (ലൂക്കാ 24:29). ''ദൈവമായ അങ്ങ് എത്ര അദ്ഭുതങ്ങൾ ഞങ്ങൾക്കുവേണ്ടി പ്രവർത്തിച്ചു! ഞങ്ങളുടെ കാര്യത്തിൽ അങ്ങ് എത്ര ശ്രദ്ധാലുവായിരുന്നു! അങ്ങേക്കു തുല്യനായി ആരുമില്ല. ഞാൻ അവയെ വിവരിക്കാനും പ്രഘോഷിക്കാനും തുനിഞ്ഞാൽ അവ അസംഖ്യമാണല്ലോ'' (സങ്കീ. 40:5.)



# കാറ്റും കടലും പോലും ഇവനെ അനുസരിക്കുന്നുവല്ലോ?

ഫാ. മാത്യു ചേന്നാട്ട്

**വി**. മത്തായി 8:23-34 വാക്യങ്ങളിൽ രണ്ട് അദ്ഭുതങ്ങളാണ് വിവരിക്കുന്നത്: ഈശോ കൊടുങ്കാറ്റിനെ ശാന്തമാക്കുന്നതും പിശാചുബാധിതരായ രണ്ടുപേരെ സുഖമാക്കുന്നതും. വേദപണ്ഡിതരുടെ അഭിപ്രായത്തിൽ ഈ രണ്ടു സംഭവങ്ങളും യുഗാന്ത്യത്തെപ്പറ്റിയുള്ള ചിന്തകൾ നമുക്കു തരുന്നുണ്ട്. ശിഷ്യരുടെ വഞ്ചി കൊടുങ്കാറ്റിലും വലിയ തിരമാലകളിലുംപെട്ട് ആടിയുലയുന്നത്, യുഗാന്ത്യത്തിലെ പരീക്ഷണങ്ങളെയും പീഡനങ്ങളെയും നേരിടുന്ന സഭയുടെ പ്രതീകമാണ് എന്ന് അവർ ചൂണ്ടിക്കാണിക്കുന്നു. കടലിലുണ്ടായ കൊടുങ്കാറ്റും അതിന്റെ ഫലമായ കൂറ്റൻ തിരമാലകളും യുഗാന്ത്യ പരീക്ഷണങ്ങളുടെ സൂചനയാണ് (മത്തായി 24:7, 27:51-54,വെളി. 8:5,11:13). ഈശോയുടെ സാന്നിധ്യത്തിൽ ഭയന്നു നിലവിളിക്കുന്ന പിശാചുക്കൾ

പരാതി പ്പെടുന്നത്,''സമയത്തിനു മുമ്പുതന്നെ ഞങ്ങളെ പീഡിപ്പിക്കാൻ വന്നിരിക്കുകയാണോ?'' എന്നാണ്.

യഹൂദചിന്തയനുസരിച്ച് അന്ത്യവിധിയിലാണ് പിശാച് അന്തിമമായി നശിപ്പിക്കപ്പെടുന്നതും ശിക്ഷിക്കപ്പെടുന്നതും. ഇവിടെ പിശാചിന്റെ ശക്തിയെ നിർവീര്യമാക്കി അവയെ ബഹിഷ്കരിക്കുന്ന കർത്താവ് യുഗാന്ത്യത്തിന്റെ ആഗമനം വിളിച്ചറിയിക്കുന്നു. കര ലക്ഷ്യമാക്കി ശിഷ്യർ യാത്ര ചെയ്തതുപോലെ സ്വർഗ്ഗം ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന നമ്മൾ യുഗാന്ത്യ ലക്ഷണങ്ങളെ ഒന്നിനെയും - പീഡനങ്ങളെയോ, അധിക്ഷേപങ്ങളെയോ, സഹനങ്ങളെയോ ഭയപ്പെടരുത്. ഇന്നത്തെ രണ്ടാമത്തെ വായനയിൽ (ഏശയ്യ 41:8-16) ദൈവജനത്തിന് ദൈവം സംരക്ഷണം വാഗ്ദാനം ചെയ്യുന്നത് നമ്മൾ ശ്രവിക്കുന്നു: ''ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടിയുണ്ട്... ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തു കൈകൊണ്ട് ഞാൻ നിന്നെ താങ്ങിനിറുത്തും... നിന്റെ ദൈവമായ കർത്താവായ ഞാൻ നിന്റെ വലത്തുകരം പിടിച്ചിരിക്കുന്നു. ഞാനാണ് പറയുന്നത് ഭയപ്പെടേണ്ട.'' ഭയം വിശ്വാസ മില്ലായ്മയുടെ തെളിവാണ്. അമ്മയുടെ ഒക്കത്തിരിക്കുന്ന കുഞ്ഞിന് ഒന്നിനെയും ഭയമില്ലാത്തത് അമ്മയിലുള്ള വിശ്വാസംകൊണ്ടാണ്. കാറ്റിനെയും കടലിനെയും ശാസിക്കുന്നതിനുമുമ്പ് ഈശോ ശാസിക്കുന്നത് ശിഷ്യരുടെ അല്പ വിശ്വാസത്തെയാണ്. വി. ആഗസ്തീനോസിന്റെ അഭിപ്രായത്തിൽ, ഈശോ ഉറങ്ങിക്കിടന്നിരുന്നത് വഞ്ചിയിലല്ല, ശിഷ്യരുടെ ഹൃദയത്തിലാണ്. അവരിൽ ഈശോ ഉണർന്നിരുന്നെങ്കിൽ അവർ നിലവിളിക്കുമായിരുന്നില്ല. പ്രതിസന്ധികളിൽ, പരാജയങ്ങളിൽ, ജീവിതം ആടിയുലയുന്ന സന്ദർഭങ്ങളിൽ നമ്മൾ നിലവിളിക്കുന്നെങ്കിൽ, അത് വിരൽചൂണ്ടുന്നത് നമ്മുടെ അല്പ വിശ്വാസത്തിലേക്കോ വിശ്വാസമില്ലായ്മയിലേക്കോ?. വിശ്വാസം പ്രായോഗികതലത്തിൽ പ്രകാശിതമാവണം എന്ന് അപ്പസ്തോലൻ പഠിപ്പിക്കുന്നുണ്ട്. വിശ്വാസം സജീവമാകുന്നത് പ്രവൃത്തികളിലൂടെയാണ് (പ്രവൃത്തികളില്ലാത്ത വിശ്വാസം നിർജ്ജീവമാണ്. (യാക്കോ. 2:17) ഇത് വളരെ പ്രത്യേകമായി അനുസരണത്തിൽ പ്രകടമാകണം. ഹെബ്രായ ലേഖകൻ പൂർവ്വികരുടെ വിശ്വാസത്തെ പ്രകീർത്തിക്കുന്നത് അവർ എങ്ങനെ കർത്താവിനെ അനുസരിച്ചു എന്നു വ്യക്തമാക്കിക്കൊണ്ടാണ്. (അധ്യായം11) പൂർവ്വപിതാക്കന്മാരുടേതുപോലുള്ള അനുസരണമാണ് ദൈവം ബൈബിളിലുടനീളം നമ്മോട് ആവശ്യപ്പെടുന്നത്. ഇന്നത്തെ ഒന്നാമത്തെ വായനയിൽ (നിയമ. 13:18) ദൈവം പറയുന്നു. ''നിങ്ങളുടെ ദൈവമായ കർത്താവിന്റെ വാക്കു കേൾക്കുകയും ഞാനിന്നു നൽകുന്ന അവിടുത്തെ എല്ലാ കല്പനകളും ശ്രദ്ധാപൂർവ്വം പാലിക്കുകയും നിങ്ങളുടെ കർത്താവിന്റെ മുമ്പിൽ നന്മ മാത്രം പ്രവൃത്തിക്കുകയും ചെയ്യണം'' ഇന്നത്തെ ലേഖനഭാഗത്തും (ഗലാ. 6:12-17) പൗലോസ് ശ്ലീഹാ പറയുന്നതും ഈ അനുസരണത്തെപ്പറ്റിയാണ്: ''നിയമം

അനുസരിച്ചു വ്യാപരിക്കുന്ന എല്ലാവർക്കും, ദൈവത്തിന്റെ ഇസ്രായേലിന് സമാധാനവും കാരുണ്യവും ഉണ്ടാകട്ടെ (ഗലാ. 6:17). ''കാറ്റും കടലും പോലും ഇവനെ അനുസരിക്കുന്നല്ലോ?'' ആശ്ചര്യഭരിതരായി ശിഷ്യർ പറഞ്ഞ വാക്കുകളാണിത്. കാറ്റും കടലും മാത്രമല്ല, പിശാചുക്കളും അവനെ അനുസരിക്കുന്നതായി സുവിശേഷം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. 'പൊയ്ക്കൊള്ളുവിൻ' എന്ന മിശിഹായുടെ കല്പന പിശാചുക്കൾ അനുസരിക്കുന്നു. കാരണം അവർക്ക് ഈശോ ആരാണെന്നറിയാം ('ദൈവപുത്രാ')അവനെ സംബന്ധിക്കുന്ന കാര്യങ്ങളും അറിയാം ഒപ്പം അവ അനുസരിക്കുകയും ചെയ്യുന്നു.പക്ഷേ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തെ അറിയാനോ അനുസരിക്കാനോ തയ്യാറാകുന്നില്ല. ('കാള അതിന്റെ ഉടമസ്ഥനെ അറിയുന്നു;കഴുത അതിന്റെ യജമാനന്റെ തൊഴുത്തും എന്നാൽ എന്റെ ജനം അറിയുന്നില്ല-ഏശയ്യ1:3).നിയമാവർത്തനത്തിൽനിന്ന് ശ്രവിച്ചതു പോലെ കർത്താവിന്റെ വാക്കുകേട്ട് അനുസരിച്ച് നന്മ ചെയ്യാൻ നമുക്കു സാധിക്കണം. ദൈവത്തെ,സ്വർഗ്ഗത്തെലക്ഷ്യമാക്കി യാത്ര ചെയ്യുന്ന നമുക്ക് പൂർണ്ണമായി വിശ്വസിക്കാനും ദൈവത്തിലുള്ള വിശ്വാസത്താൽ പ്രതിസന്ധികളെ തരണം ചെയ്യാനും നമ്മുടെ വിശ്വാസം പ്രവൃത്തികളിലൂടെ നന്മ പ്രവൃത്തികളിലൂടെയും അനുസരണത്തിലൂടെയും, പ്രകാശിതമാക്കാനും വേണ്ട അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം. .

SMCC-VACHANAVEDI http://www.syromalabarcatechesis.org

# കൊടുങ്കാറ്റും പിശാചും വിധേയപ്പെട്ടപ്പോൾ

ഡോ. ജോസഫ് തടത്തിൽ

**സെ**മറ്റിക്ക് ചിന്താഗതിയനുസരിച്ച് കടലും കല്ലറയുമെല്ലാം പിശാചിന്റെ ആവാസ മേഖലകളാണ്. തിന്മയുടെ പ്രതീകമായും മനുഷ്യരുടെ വിനാശത്തിനായി നിരന്തരം പ്രവർത്തിക്കുന്നവനായും പുരാതനകാലം മുതൽ പല സംസ്കാരങ്ങളും പിശാചിനെ ചിത്രീകരിച്ചിരുന്നു. അസുഖങ്ങളും പ്രകൃതിക്ഷോഭങ്ങളും പിശാചിന്റേതെന്നു വിശ്വസിച്ചവരിൽ

പലസ്തീനാക്കാരും പെടുന്നു. അതുകൊണ്ടു തന്നെയാവാം, പിശാചു ബാധിതരെ ശാസിക്കാൻ (മർക്കോ 1:25) ഉപയോഗിക്കുന്ന അതേ വാക്ക് - എപ്പിതിമാവോ - തന്നെയാണ് കടലിനെ ശാസിക്കാൻ (മർക്കോ. 4:39) ഈശോ ഉപയോഗിക്കുന്നതും. പിതാവിനെ സംസ്കരിക്കുന്ന കാര്യംപോലും, തന്നെ ഉടനടി അനുഗമിക്കുന്നതിൽ തടസ്സമാകരുത്, എന്ന കർക്കശ നിലപാടോടു കൂടിയാണ് ഈശോ ശിഷ്യരോടൊപ്പം തോണിയിൽ കയറുന്നത്. തെളിഞ്ഞ അന്തരീക്ഷത്തെ സാക്ഷിയാക്കി അപ്രതീക്ഷിതമായി കൊടുങ്കാറ്റടിക്കുന്ന രീതി പലപ്പോഴും ഗലീലിയാക്കടലിനുണ്ടായിരുന്നു. 'കടലിൽ ഉഗ്രമായ കൊടുങ്കാറ്റുണ്ടായി' എന്നാണ് ഇന്നത്തെ സുവിശേഷഭാഗത്തു പറയുക (മത്താ. 8:24). കൊടുങ്കാറ്റിന്റെ തീവ്രത സൂചിപ്പിക്കാൻ തന്നെയാണ് ഭൂമി കുലുക്കത്തെ സൂചിപ്പിക്കാൻ സാധാരണ ഉപയോഗിക്കുന്ന 'സെയിസ്മോസ്' (Seismos) എന്ന വാക്ക് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത്. ഈശോയുടെ സഭ അഥവാ ശിഷ്യർ നേരിടേണ്ട പ്രതിസന്ധികളെയും അപകടങ്ങളെയുമാണ് ഇവിടെ കൊടുങ്കാറ്റ് സൂചിപ്പിക്കുക.

'കർത്താവേ, രക്ഷിക്കണമേ, ഞങ്ങൾ ഇതാ നശിക്കുന്നു' എന്ന ശിഷ്യരുടെ പ്രാർത്ഥന സഭയുടെ എല്ലാക്കാലത്തെയും പ്രാർത്ഥനയായി മാറി.

പല കാര്യങ്ങളിലും പരിഹാരം അറിയില്ല എന്നതല്ല, എല്ലാറ്റിനും പരിഹാരമായവനെ ആശ്രയിക്കാറില്ല എന്നതാണ് നമ്മൾ നേരിടുന്ന യഥാർത്ഥപ്രശ്നം. ഈശോയൊടൊപ്പമുള്ള യാത്രയെന്നാൽ കൊടുങ്കാറ്റിലും സമാധാന പൂർണ്ണമായ ജീവിതമാണ്. അവിടുന്ന് ഉറങ്ങിയാലും ഇല്ലെങ്കിലും 'കൂടെ' യാത്ര ചെയ്യുന്നവർ സുരക്ഷിതരായിരിക്കും. തിരമാലകളിലും കൊടുങ്കാറ്റിലും ചെറുത്തു നിന്ന ശിഷ്യന്മാർ പീഡിപ്പിക്കപ്പെട്ട ആദിമ സഭയ്ക്കു പ്രചോദനമായി; പീഡകളിൽ സഭ വിട്ടുപോയവർക്ക് തിരിച്ചുവരുവാൻ ഈ സുവിശേഷ ഭാഗം ധൈര്യം നല്കി. കാരണം, ദുഃഖത്തിന്റെ കൊടുങ്കാറ്റിൽ സമാധാനമാണ് ഈശോ. ദുഃഖത്തിന്റെ അന്ത്യമായ മഹത്ത്വത്തെ ക്കുറിച്ചും, മരണമാകുന്ന വാതിലിലൂടെ എത്തിച്ചേരേണ്ട ദൈവഭവനത്തെ ക്കുറിച്ചും ഈശോ ബോധ്യം നല്കുന്നു. 'ഒരെത്തും പിടിയുമില്ലാതെ' ജീവിത ത്തോണി ഉലയുമ്പോൾ ഉത്തരം നല്കിയും, ഉത്കണ്ഠപ്പെടുമ്പോൾ പരിപാലനയുടെ കരങ്ങളുയർത്തിയും, സമാശ്വസിപ്പിക്കുന്നവനാണവൻ: 'അല്പവിശ്വാസികളേ' എന്ന കർത്താവിന്റെ സംബോധന ഭൗതികാശ്രയം വെടിഞ്ഞ് പൂർണ്ണമായി അവിടുത്തെ ആശ്രയിക്കാത്ത അവരുടെ മനോഭാവത്തെ സൂചിപ്പിക്കുന്നു. കർത്താവിനെ ഉറപ്പായി വിശ്വസിക്കുകയോ ആശ്രയിക്കുകയോ ചെയ്യാത്ത ശിഷ്യർ ജീവിതബന്ധിയോ, ഗന്ധിയോ ആകാത്ത ദുർബല വിശ്വാസത്തിനുടമകളാണ്. ഈ ദുർബലാവസ്ഥയെ ഈശോ ശാസിക്കുന്നു. രണ്ടും മൂന്നും തലമുറക്കാരായ ക്രൈസ്തവരുടെ ദുർബല വിശ്വാസത്തെ ശക്തിപ്പെടുത്തുക എന്ന ചിന്ത സുവിശേഷകന്റെ മനസ്സിലുണ്ടായിരുന്നിരിക്കണം.

ഈശോയുമായി നേർക്കുനേർ കണ്ടു മുട്ടുമ്പോൾത്തന്നെ പിശാചുക്കൾ പരാജയം സമ്മതിക്കുന്നതായി പിശാചുബാധിതരുടെ വാക്കുകൾ വ്യക്തമാക്കുന്നു. 'ദൈവപുത്രാ', എന്ന സംബോധന പിശാചുക്കൾ ഈശോയെ തിരിച്ചറിഞ്ഞെന്നും 'സമയത്തിനുമുമ്പേ ഞങ്ങളെ പീഡിപ്പിക്കുവാൻ വന്നിരിക്കുന്നുവോ' എന്ന ചോദ്യം അവർ ബന്ധിക്കപ്പെടും എന്നും, ബോധ്യപ്പെട്ടു എന്നും വെളിവാക്കുന്നു. സമയത്തെപ്പറ്റിയുള്ള പ്രതിപാദനം സൂചിപ്പിക്കുന്നത് ഈശോയുടെ കുരിശുമരണത്തെയാണ്. അവിടുന്നു കുരിശിൽ മരിക്കുമ്പോൾ നാരകീയ ശക്തികൾ പരാജയം രുചിക്കുന്നുണ്ടല്ലോ. അതോടെ സാത്താന് മനുഷ്യന്റെ മേലുണ്ടായിരുന്ന സ്വാധീനം നഷ്ടമായി. ഈ 'സമയത്തിന്റെ' രണ്ടു സൂചനകൾ വെളിപാടു പുസ്തകത്തിലുണ്ട്: സ്വർഗ്ഗത്തിലെ യുദ്ധത്തിന്റെ ഫലമായി സാത്താനും ദൂതന്മാരും ഭൂമിയിലേക്ക് എറിയപ്പെടുന്നു (വെളി.12:9). വലിച്ചെറിയപ്പെട്ട പിശാച് ചുരുങ്ങിയ സമയമേ അവശേഷിക്കുന്നുള്ളൂ എന്നറിഞ്ഞ് അരിശംകൊള്ളുന്നു (വെളി. 12:12). 'ചുരുങ്ങിയ സമയം' യുഗാന്ത്യത്തിലെ വിധിയുടെ സൂചനയും നല്കുന്നുണ്ട്. യഹൂദർക്കു പന്നി അശുദ്ധവും പരിഹാസ വിഷയവുമാണെങ്കിൽ പന്നികളോടുള്ള ഈ യഹൂദ മനോഭാവം തന്നെയായിരുന്നു ഗദറായരുൾപ്പെടെയുള്ള വിജാതീയരുടെ പരിഹാസവിഷയം. തങ്ങൾ സുഖപ്പെട്ടു എന്നു പിശാചു ബാധിതർക്കു ബോധ്യപ്പെടാൻ പന്നിക്കൂട്ടത്തിന്റെ നാശം അനിവാര്യമായി; രോഗികൾക്ക് ബോധ്യപ്പെടാതെ വന്നാൽ സുഖപ്പെടൽ ഫലപ്രദമാവില്ലല്ലോ. ജന്തുക്കളോടുള്ള ക്രൂരതയായി ഈ സംഭവത്തെ വ്യാഖ്യാനിക്കാനുമാവില്ല. അമർത്യമായ ആത്മാവുള്ള മനുഷ്യൻ പന്നികളെക്കാൾ എത്രയോ ശ്രേഷ്ഠനാണ്. പന്നിക്കൂട്ടത്തിൽ പ്രവേശിച്ചയുടനെ അവയ്ക്ക് 'പാഞ്ഞുചെന്ന്' കടലിൽ മുങ്ങിച്ചാകേണ്ട അവസ്ഥ സൃഷ്ടിക്കാൻ തക്ക ശക്തിയുള്ള പിശാചുക്കൾ രണ്ടു മനുഷ്യർക്ക് എന്തുമാത്രം ദുരന്തമുണ്ടാക്കുമായിരുന്നു! ദൈവം തടഞ്ഞില്ലായിരുന്നു വെങ്കിൽ പന്നികളോടു ചെയ്തതു തന്നെ പിശാചുക്കൾ മനുഷ്യരോടും ചെയ്യുമായിരുന്നു എന്ന് വി. ക്രിസോസ്റ്റം അഭിപ്രായപ്പെടുന്നു.

# നിന്റെ ജീവിതത്തിലെ കൊടുങ്കാറ്റുകളെ അവനു ശാന്തമാക്കാൻ കഴിയും

ഫാ. ജോസഫ് ആലഞ്ചേരി

അല്പം പോലും വിശ്രമിക്കാൻ കഴിയാത്തവിധം ജനക്കൂട്ടം തിങ്ങിക്കൂടി വരുന്നതുകണ്ടാണ് മറുകരയിലേക്കു പോകാം എന്ന് ഈശോ പറഞ്ഞത്. തിബേരിയോസ് തടാകത്തിന്റെ തീരത്ത് വള്ളങ്ങളിലിരുന്ന് അവിടുന്ന് ജനക്കൂട്ടത്തെ പഠിപ്പിച്ചിരുന്നു. ആ സമയത്ത് മത്സ്യബന്ധനത്തിനും മറുകര പോകാനുമൊക്കെയായി ഏകദേശം ഇരുന്നൂറോളം ചെറിയ ബോട്ടുകൾ ഗലീലിക്കടലിന്റെ തീരങ്ങളിലുണ്ടായിരുന്നു എന്നു പറയപ്പെടുന്നു. ഇസ്രായേലിന്റെ ശുദ്ധജലത്തടാകമായിരുന്നു ഗനേസറത്ത് കടൽ എന്നുകൂടി അറിയപ്പെടുന്ന ഈ തടാകം. ഇതിന്റെ മറുകരെ 10 കിലോമീറ്ററോളം അകലെ തെക്കുകിഴക്കുമാറിയാണ് ഗദറായദേശം സ്ഥിതി ചെയ്തിരുന്നത്. കടൽ കടന്ന് അങ്ങോട്ടു പോകാനായിരിക്കാം ഈശോ ശിഷ്യരോടു പറഞ്ഞത്. ഏതായാലും കടൽക്ഷോഭം കഴിഞ്ഞ്, ഈശോ ഗദറായരുടെ ദേശത്ത് എത്തിയതിനെക്കുറിച്ചാണ് പിന്നീട് മത്തായിശ്ലീഹാ വിവരിക്കുന്നത്.

ഈശോ കൊടുങ്കാറ്റിനെ ശാന്തമാക്കുന്ന സംഭവം വ്യംഗ്യവും വാച്യവുമായ അർത്ഥതലങ്ങളുള്ള സംഭവമാണ്. വാച്യാർത്ഥത്തിൽ ഇതു നസ്രായനായ ഈശോ പ്രപഞ്ചത്തിന്റെ അധിപനുംകൂടിയാണെന്നു തെളിയിക്കുന്നു. സാധാരണയായി പത്രോസിന്റെയോ സെബദിപുത്രന്മാരുടെയോ വള്ളത്തിലിരുന്നാണ് ഈശോ പഠിപ്പിച്ചിരുന്നത്. അതിനാൽ കൊടുങ്കാറ്റിലകപ്പെട്ട ഈ തോണി ഇവരുടെ ആരുടെയെങ്കിലും വഞ്ചിയാകാം. പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരായിരുന്നല്ലോ ശിഷ്യന്മാരിൽ പ്രമുഖർ. ഇവരുടെ വള്ളം അതിന്റെ വ്യംഗ്യാർത്ഥത്തിൽ സഭയല്ലാതെ മറ്റെന്താണ്? പ്രപഞ്ചസാഗരത്തിലെ രക്ഷയുടെ പേടകമായാണല്ലോ സഭാപിതാക്കന്മാർ സഭയെ കരുതുന്നത്. ചരിത്രപരമായി വിലയിരുത്തുമ്പോൾ തിബേരിയോസ് തടാകം പലപ്പോഴും പ്രക്ഷുബ്ധമായിരുന്നു. 21 കി. മീറ്റർ നീളവും 13 കി. മീറ്റർ വീതിയും 43 മീറ്റർ ആഴവുമുള്ള ഈ തടാകം സമുദ്രനിരപ്പിൽനിന്ന് 210 മീറ്റർ താഴെയാണ് കിടക്കുന്നത്. താഴ്ന്ന സ്ഥലമായതിനാലും ചുറ്റുപാടും കുന്നുകളായതിനാലും

മധ്യാഹ്നത്തോടെ താഴ്‌വാരം ചൂടാകുമ്പോൾ മലമ്പ്രദേശങ്ങളിൽനിന്ന് ശക്തിയായ കാറ്റ് താഴേക്കടിച്ചിരുന്നു. അപ്പോൾ തിരമാലകൾ ഉയരുകയും മീൻപിടിത്തക്കാർ പരിഭ്രാന്തരാവുകയും വള്ളങ്ങൾ ചിലപ്പോഴെങ്കിലും മുങ്ങുകയും ചെയ്തിരുന്നു. ഈ ഭാഗത്തിനു മുന്നോടിയായി 'സായാഹ്നമായപ്പോൾ അനേകം പിശാചുബാധിതരെ അവർ അവന്റെയടുത്തു കൊണ്ടുവന്നു' (മത്താ.8:16) എന്ന് വി. മത്തായി പറയുന്നുണ്ട്. ഈശോ ഉറങ്ങിയതിനുശേഷമാണ് കൊടുങ്കാറ്റടിച്ചത് എന്നു പറയുന്നതിനാൽ തീരത്തുനിന്ന് ആറേഴുകിലോമീറ്റർ അവർ പിന്നിട്ടു എന്നു വ്യക്തമാണ്. വായനക്കാരനെ അത്ഭുതപ്പെടുത്തുന്നത് ഇത്ര ശക്തമായ കൊടുങ്കാറ്റുണ്ടായിട്ടും വള്ളം ഇളകിമറിഞ്ഞിട്ടും ഈശോ ഉണർന്നില്ല എന്നതാണ്. സങ്കീർത്തനം പ്രാർത്ഥനയാക്കി മാറ്റിയ ഈശോയുടെ ശരീരത്തിൽ 91-ാം സങ്കീർത്തനത്തിന്റെ കാറ്റാണ് അപ്പോൾ വീശിയിരുന്നത്: ''ഇരുട്ടിൽ മുഴങ്ങുന്ന വചനവും മധ്യാഹ്നത്തിലടിക്കുന്ന കൊടുങ്കാറ്റും നീ ഒട്ടും പേടിക്കേണ്ട. നിന്റെ സങ്കേതം കർത്താവാകുന്നു. അത്യുന്നതൻ നിന്റെ കോട്ടയാകുന്നു'' ഇതിനു തൊട്ടുമുമ്പാണ് പാറമേൽ പണിത വീടിനെക്കുറിച്ചും മണലിൽ പണിത വീടിനെക്കുറിച്ചും അവിടുന്ന ശിഷ്യന്മാരെ പഠിപ്പിച്ചത്. വാക്കും പ്രവൃത്തിയും തമ്മിൽ അന്തരമില്ലാത്തവനാണ് ദൈവം. കാറ്റൂതുമ്പോൾ കുലുങ്ങാത്ത പാറമേൽ പണിത വീട് ഏതാണെന്ന് അവിടുന്ന് ശിഷ്യന്മാർക്കു കാണിച്ചുകൊടുത്തു.

സി. ഡി. തോമസ് എന്ന മനുഷ്യനെ ഓർക്കുന്നു. അമ്പൂരി ഉരുൾപൊട്ടൽ ദുരന്തത്തിൽ വീടും ബന്ധങ്ങളുമെല്ലാം നഷ്ടപ്പെട്ട ആ മനുഷ്യനെ കുറച്ചുനാളുകൾക്കുശേഷം സുഹൃത്തുക്കൾ ദുരന്തം നടന്ന സ്ഥലം കാണാൻ കൊണ്ടുപോയി. വെള്ളച്ചാലല്ലാതെ മറ്റൊന്നും കാണാതിരുന്ന ആ സ്ഥലത്തുവച്ച് മുകളിലേക്കു നോക്കി ആ മനുഷ്യൻ പറഞ്ഞ വാക്കുകൾ ചുറ്റും നിന്നവരെ നടുക്കിക്കളഞ്ഞു: ''ദൈവമേ അങ്ങു വരച്ച ചിത്രം അങ്ങുതന്നെ മായിച്ചുകളഞ്ഞിരിക്കുന്നു!'' ഈ വാക്യം പിറ്റേന്ന് തലക്കെട്ടായി പത്രങ്ങളിൽ അച്ചടിച്ചുവന്നു.

കടൽക്ഷോഭം രൂക്ഷമാണെന്നും ഇനി രക്ഷയില്ലെന്നും അറിഞ്ഞപ്പോൾ 'ഗുരോ രക്ഷിക്കൂ' എന്ന് അലറിവിളിച്ച് അവർ ഈശോയെ ഉണർത്തി. സർവ്വപ്രപഞ്ചത്തിന്റെയും അധിപനായ അവിടുത്തെ പാദം ഗലീലിക്കടലിലെ പ്രക്ഷുബ്ധമായ ആ വള്ളത്തിൽ പതിച്ചപ്പോൾത്തന്നെ കൊടുങ്കാറ്റും തിരമാലകളും അവിടുത്തെ താണു വണങ്ങിയിരുന്നു. ആ കടൽത്തീരം അന്നുവരെ കാണാത്ത ഒരു ശാന്തത അപ്പോഴുണ്ടായി എന്ന് തിരുലിഖിതം നമ്മോടു പറയുന്നു. നിന്റെ ഉള്ളിലെ ദൈവരൂപത്തെ എപ്പോഴെല്ലാം സടകുടഞ്ഞ് എണീൽപ്പിക്കാൻ നീ ശ്രമിക്കുന്നുവോ, അപ്പോഴെല്ലാം നിന്റെ ചുറ്റുപാടുകളും ഇതേപോലെ ശാന്തമായിരിക്കും എന്ന് ക്രിസ്തു നമ്മോടു പറയുന്നു. ക്രിസ്തുവിനെ നിന്റെ ഉള്ളിൽ നീ ഉറങ്ങാൻ വിടുമ്പോഴാണ് ചുറ്റുപാടുകൾ പ്രക്ഷുബ്ധമാകുന്നത്. യോനായുടെ പുസ്തകത്തെക്കൂടി ഈ സംഭവം ഓർമ്മിപ്പിക്കുന്നുണ്ട്.

താർഷീഷിലേക്കു പോകുന്ന പ്രവാചകൻ സഞ്ചരിക്കുന്ന കപ്പൽ കൊടുങ്കാറ്റിൽപെടുന്നതായി ഈ പുസ്തകം പറയുന്നു. കാറ്റ് ശക്തമാവുകയും യാത്രക്കാർ പരിഭ്രാന്തരാവുകയും ചെയ്യുമ്പോൾ യോനാ ഉറങ്ങുകയായിരുന്നുവെന്നാണ് നാം വായിക്കുന്നത്. രണ്ടുംകൂടെ ഒരുമിച്ചു വായിക്കുമ്പോൾ ഈ കാര്യങ്ങൾക്ക് പ്രതീകാത്മകമായ അർത്ഥങ്ങളുണ്ടാകുന്നു. മറ്റുള്ളവരുടെ തകർച്ചയും ദുഃഖങ്ങളുമാണ് എന്റെ സ്വസ്ഥതയുടെ അടിസ്ഥാനം എന്നു കരുതുന്നവരുടെ പ്രതീകമാണ് യോനാ. മറ്റുള്ളവർ തകരുമ്പോൾ തകരട്ടെ എന്നു കരുതുന്നവരുടെ ഉള്ളിലെല്ലാം വാശിക്കാരനായ യോനാ മറഞ്ഞിരിക്കുന്നുണ്ട്. നിനവേക്കാരുടെ പ്രശ്നം യോനായ്ക്ക് ഒരു പ്രശ്നമായി തോന്നിയില്ല. ''എന്നാൽ ഇവിടെയിതാ യോനായേക്കാൾ വലിയവൻ.'' അവനെ ഉണർത്തുമ്പോൾ അവൻ ചോദിക്കുന്നത്, ''എത്ര കാറ്റടിച്ചാലും താനുള്ളപ്പോൾ നിങ്ങൾ എന്തിനു ഭയപ്പെടണം?'' എന്നാണ്. മറ്റുള്ളവരുടെ സങ്കടക്കടലുകളുടെമേൽ കാരുണ്യത്തിന്റെ കരം നീട്ടുന്നവരുടെയെല്ലാം നെഞ്ചിൽ മനുഷ്യകുലത്തിന്റെ ഈ മഹാരക്ഷകൻ തലയണ വച്ചു കിടന്നുറങ്ങുന്നുണ്ടെന്ന് ഈ ഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്നു. 'ഞാനുള്ളപ്പോൾ നീ എന്തിനു ദുഃഖിക്കണം?' എന്നു പറയാൻ മാത്രമുള്ള വിശ്വാസവും വിശാലമനസ്കതയും ധീരതയും ഞങ്ങൾക്കു നൽകണേയെന്ന് രക്ഷകാ അങ്ങയോടു ഞാൻ പ്രാർത്ഥിക്കുന്നു. പിന്നീട് പെട്ടെന്ന് വള്ളം ഗരസേനരുടെ തീരത്ത് എത്തുന്നതാണ് നാം കാണുന്നത്. നിന്റെ ദൈവത്തെ ഉണർത്തി നീ ചെയ്യുന്ന പ്രവർത്തനങ്ങളെല്ലാം വളരെവേഗം ഫലംചൂടും എന്നുകൂടെ ആ ഭാഗം പറയുന്നില്ലേ?

ക്രിസ്തുവിന്റെ സഭയ്ക്ക് പിന്നീട് നേരിടേണ്ടിവരുന്ന എല്ലാ പീഡനങ്ങളെയും പ്രവചനരൂപേണ സൂചിപ്പിക്കുന്ന ഭാഗം കൂടിയാണിത്. എല്ലാ ദുരിതങ്ങളുടെ മധ്യത്തിലും സ്വയം വഞ്ചി നേരെയാക്കാൻ നോക്കാതെ അവിടുത്തെ മുഖത്തേക്കു നോക്കാൻ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്ന ഭാഗം കൂടിയാണിത്. വി.അംബ്രോസ് പറയുന്നത്, വഞ്ചിയിലുയർന്ന നിലവിളി ക്രിസ്തുവിന്റെ പിൻഗാമികളുടെ നിലവിളികളാണ് എന്നാണ്. ക്രിസ്തുവിലേക്കു തിരിയുക എന്ന ഉത്തരമേ ഈ നിലവിളിക്ക് മറുപടിയുള്ളൂ സഭാപിതാവായ ക്രിസോസ്തോം പറയുന്നു: സഭയാണ് ബോട്ട്. കാറ്റും തിരയും പ്രലോഭനങ്ങളാണ്. പ്രലോഭനങ്ങളില്ലാത്ത ജീവിതം ചാവുകടൽപോലെയാണ്. ഒരുവന്റെ പുണ്യപ്രവർത്തനത്തിന് കൂടുതൽ തീക്ഷ്ണത നൽകുന്നത് പ്രലോഭനങ്ങളാണ്. ക്രിസ്തുവിനെ കൂട്ടുപിടിച്ച് പ്രലോഭനങ്ങളെയും ബുദ്ധിമുട്ടുകളെയും അതിജീവിക്കുക.